# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1983 17.12.2012 -ൽ മറുപടിയ്ക്ക്**

**ഭീകരവാദ ഭീഷണിയിൽ നിന്നും കേരളത്തെ രക്ഷിക്കുവാനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എം. ഹംസ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കടലുമായി അതിർത്തി പങ്കുവയ്ക്കുന്ന ഒരു സംസ്ഥാനമെന്ന നിലയ്ക്ക് താലിബാൻ ഭീകരരുടെ ആക്രമണ സാധ്യതയെ സംബന്ധിച്ച എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ ; | (എ) താലിബാൻ ആക്രമണത്തെ കുറിച്ച് പ്രത്യേകമായ സൂചന ലഭിച്ചിട്ടില്ല. മുംബൈയിൽ 2008-ൽ ഉണ്ടായ തരത്തിലുള്ള തീവ്രവാദ നുഴഞ്ഞുകയറ്റമോ ആക്രമണമോ ഒരു തീരപ്രദേശ സംസ്ഥാനം എന്ന നിലയിൽ കേരളത്തിലും സംഭവിക്കാനുള്ള സാധ്യതയെക്കുറിച്ച് പൊതുവായ മുന്നറിയിപ്പുകൾ ലഭിച്ചിട്ടുണ്ട്. |
| ബി) ഭീകരവാദ ഭീഷണിയിൽ നിന്നും കേരളത്തെ രക്ഷിക്കാനുള്ള എന്തെല്ലാം നടപടികൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) ഭീകരവാദ ഭീഷണിയുടെ അടിസ്ഥാനത്തിൽ, ഭീകരവാദ സംഘടനകളെക്കുറിച്ചും അതിന്റെ പ്രവർത്തകരെക്കുറിച്ചും സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാ വിഭാഗം സസൂക്ഷ്മം നിരീക്ഷണം നടത്തുകയും ഇക്കാര്യത്തിൽ ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| സി) കേരളത്തിലെ കോസ്റ്റ് ഗാർഡിനും പോലീസിനും എന്തെങ്കിലും ആധുനിക സംവിധാനങ്ങൾ നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് ; എന്തെല്ലാം സംവിധാനങ്ങൾ ; | (സി) തീരദേശ സുരക്ഷ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ കേരളത്തിൽ 8 തീരദേശ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുകയും അവയ്ക്കായി 24 ആധുനിക ബോട്ടുകളും ആവശ്യമായ ആയുധങ്ങളും വാഹനങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കേരളത്തിന് 10 തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി അനുവദിച്ചിട്ടുണ്ട്. |
| ഡി) അപ്രതീക്ഷിതമായ സംഭവങ്ങൾ ഉണ്ടായാൽ അതിനെ നേരിടുവാനുള്ള എന്തെല്ലാം മുൻകരുതലുകൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ? | (ഡി) തീരദേശ സുരക്ഷ ചുമതലയുള്ള കോസ്റ്റ് ഗാർഡ്, നേവി, തീരദേശ പോലീസ് എന്നീ വിഭാഗങ്ങളുടെ ഏകോപിച്ചുള്ള പ്രവർത്തനം കൊച്ചിയിലുള്ള ജോയിന്റ് ഓപ്പറേഷൻസ് കമാൻഡ് (ജെ. ഒ. സി) മുഖാന്തിരം നടത്തി വരുന്നുണ്ട്. ഈ മൂന്ന് വിഭാഗങ്ങളും ഏതു തരത്തിലുള്ള അപ്രതീക്ഷിത സംഭവങ്ങളും നേരിടാൻ സജ്ജമാണ്. |

സെക്ഷൻ ഓഫീസർ